കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സർക്കുലർ

നം.ഉപ.സി.3/141/2017/ഉഭപവ

തിരുവനന്തപുരം, തീയതി: 17.01.2022

വിഷയം :- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ അറിയിക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) 20.12.2017 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ സർക്കുലർ.
2) 12.06.2020 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ സർക്കുലർ.
3) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17-12-2021-ലെ RA 4 (2) 50001 /18-KPSC നം. അർദ്ധ ഔദ്യോഗിക കത്ത്.

സൂചന (1) സർക്കുലർ പ്രകാരം എല്ലാ വകുപ്പ മേധാവികളും/നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01.01.2018 മുതൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും കേരള പി.എസ്.സി യിലേക്ക് നിലവിലുള്ള രീതിയിൽ (ഇ-വേക്കൻസി /തപാൽ/ ഇ മെയിൽ) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി വിവിധ സർക്കുലറുകളിലൂടെ ദീർഘിപ്പിച്ചു നൽകിയിരുന്നു. സൂചന 2 സർക്കുലറിലൂടെ നിലവിൽ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സജ്ജരായ വകുപ്പുകൾ ആയതിലൂടെയും, അല്ലാത്തവർ പഴയ രീതിയിൽ (ഇ-വേക്കൻസി /തപാൽ/ ഇ മെയിൽ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനും, ടി വകുപ്പുകൾ 30.06.2020 ന മുമ്പായി പ്രസ്തുത ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ അതാത് വകുപ്പുകൾ തന്നെ മുൻകൈ എടുത്ത് കൈക്കൊള്ളേണ്ടതാണെന്നും, 01.07.2020 മുതൽ എല്ലാ വകുപ്പുകളും പൂർണ്ണമായും ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട സജ്ജീകരണങ്ങൾ സ്വീകരിക്കണമെന്നും, എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

3. എന്നാൽ തുടർന്നും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ പഴയ രീതിയിൽ (തപാൽ/ഇ-മെയിൽ) തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന പ്രവണത തുടരുന്ന സാഹചര്യമുണ്ടായതിനാൽ, സുഗമമായ രീതിയിൽ നിയമന ശിപാർശ നടത്തുവാൻ കഴിയാത്ത സാഹചര്യം പബ്ളിക് സർവ്വീസ് കമ്മീഷനിൽ സംജാതമായിട്ടുണ്ടെന്നും, അതിനാൽ പഴയ രീതിയിൽ (തപാൽ/ഇ-മെയിൽ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി 30.04.2022 വരെ തുടരാവുന്നതാണെന്നു കമ്മീഷൻ യോഗം തീരുമാനിച്ചിട്ടുള്ള വിവരം എല്ലാ വകുപ്പമേധാവികളെയും /നിയമനാധികാരികളെയും അറിയിക്കണമെന്ന് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി സൂചന (3) അർദ്ധ ഔദ്യോഗിക കത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ കൃത്യമായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കാണ് ഇ-വേക്കൻസി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ചില വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പ്രവണത സർക്കാർ ഗൗരവതരമായി കാണുന്നു.

**5. മേൽ സാഹചര്യത്തിൽ, പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ഇതുവരെ സജ്ജരാകാത്ത വകുപ്പുകൾ /സ്ഥാപനങ്ങൾ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി (തപാൽ/ ഇ മെയിൽ) 30.04.2022 തീയതി വരെ തുടരുവാനും, ഇ-വേക്കൻസി സോഫ്റ്റ്‌വെയർ സംവിധാനം വഴി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നവർ അതിലൂടെ മാത്രം റിപ്പോർട്ട് ചെയ്യുവാനും എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.**

**6. നിലവിൽ തപാൽ/ ഇ മെയിൽ മുഖേന ഒഴിവുകൾ പി.എസ് .സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ, 30-04-2022 നകം പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടിക്രമങ്ങൾ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.**

ഡോ.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
*(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.pard.kerala.gov.in -ൽ* ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ